(ബി) അന്യസംസ്ഥാനങ്ങളിൽ ജോലി തേടി പോകുന്ന സ്ത്രീകളെ ചൂഷണം ചെയ്യുന്നതായി പരാതികളുണ്ടാകുന്ന അവസരങ്ങളിൽ അതാതു സംസ്ഥാനത്തെ ലേബർ കമ്മീഷണർമാരുമായി ബന്ധം പുലർത്തി പരാതി പരിഹരിക്കാറുണ്ട്. അംഗീകൃത കോൺട്രാക്ടർമാർ മുഖേനയല്ലാതെ ജോലിക്കു പോകുന്ന സ്ത്രീകളെ സംബന്ധിച്ചാണ് പരാതികളുണ്ടാകാറുള്ളത്. അനധികൃത റിക്രൂട്ട്മെന്റിനെതിരെയും തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുന്നതിന് സെമിനാറുകളും മറ്റ് പ്രചാരണ പരിപാടികളും നടത്താറുണ്ട്. അത്തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ഈ മാസം 30-ന് മുൻപായി കേരളത്തിലെ അഞ്ച് ജില്ലകളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമം കർശനമായി നടപ്പാക്കുന്നുണ്ട്. എന്നാൽ മറ്റ് സംസ്ഥാനങ്ങളിൽ ഇതിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കാത്തതിനാലാണ് സ്ത്രീകളെ ചൂഷണം ചെയ്യുന്നതായുള്ള പരാതികളുണ്ടാകുന്നത്. ഈ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണെന്ന് ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്

*15 [603] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

„ *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നുണ്ടോ;

(ബി) എങ്കിൽ എത്ര അനാഥാലയങ്ങളിലായി എത്ര പേർക്ക് വേണ്ടിയാണ് പ്രസ്തുത ഗ്രാന്റ് അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) അനാഥാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഉണ്ട്.

(ബി) 617 അനാഥാലയങ്ങളിലായി 52,210 അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നുണ്ട്.

(സി) ഗ്രാൻറ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നു:

1. ഓർഫനേജ് നടത്തുന്ന സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

2. ഓർഫനേജിന് ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം വേണം.

3. അന്തേവാസികൾക്ക് ഗ്രാന്റ് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് വേണം.

4. അനാഥരോ അഗതികളോ ആയിരിക്കണം ഓർഫനേജിലെ അന്തേവാസികൾ.

5. അഗതികളാണെങ്കിൽ രക്ഷകർത്താവിന്റെ പ്രതിവർഷ വരുമാനം 11,000 രൂപയിൽ താഴെയായിരിക്കണം.

6. കുടുംബ വാർഷിക വരുമാനം തെളിയിക്കുന്നതിനുള്ള വില്ലേജ് ഓഫീസർ നൽകുന്ന ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് സൂക്ഷിക്കണം.

7. സർക്കാർ സ്ക്കൂളിലോ എയ്ഡഡ് സ്ക്കൂളിലോ ചേർത്ത് കുട്ടികൾക്ക് വിദ്യാഭ്യാസം നൽകണം.

8. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഗ്രാന്റാണ് നടപ്പ് സാമ്പത്തിക വർഷം നൽകുന്നത്.

9. ഗ്രാന്റിനായി സ്ഥാപനം നിശ്ചിത ഫാറത്തിൽ അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്ക് നൽകണം.

10. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ ഓർഫനേജ് സന്ദർശിച്ച് പരിശോധന നടത്തി അർഹതയുള്ള കുട്ടികൾക്ക് താമസകാലം കണക്കാക്കി ഗ്രാന്റ് നിശ്ചയിച്ച് അർഹതാ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു. അർഹതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഗ്രാന്റ് തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നു.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ജിം-ൽ ധാരണയായതിനുശേഷം തുടങ്ങാതെപോയ വ്യവസായങ്ങൾ

1 [3436] *ശ്രീ. മഞ്ഞളാംകുഴി അലി:*

„ *കോടിയേരി ബാലകൃഷ്ണൻ:*

„ *വി. ചെന്താമരാക്ഷൻ :*

„ *എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിംഗിൽ (ജിം) ഒപ്പുവച്ച ധാരണാ പത്രങ്ങളിൽ ഏതിന്റെയെങ്കിലും കാലാവധി കഴിഞ്ഞുപോയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly